# ചെറുതൃക്കോവിൽ
# ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം
## ഇരിങ്ങാലക്കുട



# പുനഃപ്രതിഷ്ഠയും നവീകരണ കലശവും

**2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ 2017 ജൂലായ് 8 കൂടി (1192 മിഥുനം 24)**

**2017 ജൂലായ് 05 (1192 മിഥുനം 21) ബുധനാഴ്ച അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ**

സഹസ്രാബ്ദങ്ങൾക്കു മുൻപ് മഹാമുനീശ്വരന്മാർ തപസ്സനുഷ്ഠിച്ച് ഹോമയജ്ഞാദികൾ നടത്തിയിരുന്ന വനപ്രദേശമായിരുന്ന ഇരിങ്ങാലക്കുട എന്നാണ് വിശ്വാസം. കുലീപിനി മഹർഷിയുടെ ഹോമകുണ്ഡത്തിൽ നിന്നും ആവിർഭവിച്ച ദേവചൈതന്യം ദേവസേനാപതിയായ ശ്രീ സുബ്രഹ്മണ്യസ്വാമിയുടേതായിരുന്നുഎന്നും ആ ചൈതന്യത്തെ ബാലമുരുക സങ്കൽപ്പത്തിൽ ചെറുതൃക്കോവിൽ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച് ആരാധിച്ചുവന്നു എന്നുമാണ് വിശ്വസിക്കുന്നത്.





കാലാന്തരത്തിൽ ഇപ്പോൾ കാണുന്ന രൂപത്തിൽ ആ ക്ഷേത്രം നിലനിൽക്കുന്നു എന്നുമാണ് വിശ്വസിക്കുന്നത്. ലോകർക്കെല്ലാം അനുഗ്രഹവർഷം ചൊരിഞ്ഞ് പരില സിക്കുന്ന ശ്രീ ചെറുതൃക്കോവിൽ സുബ്രഹ്മണ്യ ക്ഷേത്രത്തിന്റെ ഇപ്പോഴത്തെ ഊരാ ളൻ വേദജ്ഞരായ കൊടകര മറ്റത്തൂർകുന്ന് കൈമുക്ക് വൈദികരാണ്. താന്ത്രിക കർമ്മ ങ്ങൾ നിർവ്വഹിക്കുന്നത് പ്രസിദ്ധ താന്ത്രികന്മാരുടെ ഇല്ലമായ നകരമണ്ണ് ഇല്ലക്കാരാ ണ്. നിത്യപൂജാദികൾ നിർവ്വഹിക്കുന്നത് അണിമംഗലം ഇല്ലക്കാരാണ്.

കാലപഴക്കംകൊണ്ട് നാശോന്മുഖമായ ക്ഷേത്രസമുച്ചയത്തിലെ ഭഗവാന്റെ ചൈതന്യത്തിന് യാതൊരു വിധ കുറവും സംഭവിച്ചിട്ടില്ല എന്നുള്ള വസ്തുത ദേശ വാസികൾക്കും ഭക്തജനങ്ങൾക്കും ഉള്ള അനുഭവം സാക്ഷ്യപ്പെടുത്തുന്നു.

ഈ ക്ഷേത്രം നവീകരിച്ച് പ്രൗഢഗംഭീരമാക്കണം എന്നുള്ള സദുദ്ദേശ്യത്തോടെ ക്ഷേത്രഊരാളൻ കൈമുക്ക് വൈദികരുടെ നേതൃത്വത്തിൽ ഭക്തജനങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിച്ച് നവീകരണ സമിതിക്ക് രൂപം നൽകി. നവീകരണങ്ങൾക്കുള്ള സംഭാവന കൂപ്പണുകൾ വിതരണത്തിന്റെ ഉദ്ഘാടനം ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. കെ. രാധാകൃഷ്ണൻ നിർവ്വഹിച്ച യോഗത്തിൽ കൈമുക്ക് വൈദികൻ രാമൻ അക്കിത്തിരിപ്പാട്, പാമ്പ്മേയ്ക്കാട് ബ്രഹ്മശ്രീ ശ്രീധരൻ നമ്പൂതിരിപ്പാട് മുതൽപേർ സന്നിഹിതരായിരുന്നു.

പ്രസിദ്ധവാസ്തുശാസ്ത്ര വിദഗ്ദ്ധൻ ബ്രഹ്മശ്രീ പഴങ്ങാപ്പറമ്പിൽ ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ നിർദ്ദേശത്തോടെ പഴയ ശ്രീകോവിലിന്റെ അളവിൽ ചെങ്കല്ലിൽ ആയിരുന്ന തറ കരിങ്കല്ലിൽ തീർക്കുന്നതിന് പ്രസിദ്ധ ശില്പി വിജയനെ ചുമതലപ്പെ ടുത്തുകയും. ചുവരുകൾ ചെങ്കല്ലിൽ തീർത്ത് അലംങ്കൃതമാക്കുവാൻ കാതിക്കുടം ചന്ദ്രൻ ആചാരിയേയും മേൽക്കൂര മരപ്പണികൾ ചെയ്യുന്നതിന് തച്ചുശാസ്ത്ര വിദ ഗ്ദ്ധൻ കൊടകര വടക്കൂട്ട് ശിവരാമൻ ആചാരിയേയും ചെമ്പോല മേയുന്നതിന് ശ്രീ ദിനേശനേയും താഴികക്കുടം നിർമ്മിച്ച് സ്വർണ്ണം പൂശുന്നതിന് നടവരമ്പ് ബെൽവിക്സിനേയും ചുമതലപ്പെടുത്തി.

ക്ഷേത്രത്തിന്റെ ചുറ്റമ്പലത്തിന്റെ വടക്ക് പടിഞ്ഞാട് മൂലയിൽ ബാലാലയം പണി തീർത്ത് 25-10-2015 10.15നും 12.00 മണിക്കുമുള്ള ശുഭമുഹൂർത്തത്തിൽ ഭഗവാന്റെ പ്രതിഷ്ഠ വേദമന്ത്രങ്ങളുടെയും വാദ്യഘോഷങ്ങുടെയും അകമ്പടിയിൽ തന്ത്രിവര്യൻ നകരമണ്ണ് ത്രിവിക്രമൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ നടത്തി. നിത്യപൂജകൾക്കും ഭഗവത് ദർശനത്തിനും വിഘ്നം വരാതെ ശ്രീകോവിലിന്റെ നവീകരണത്തിന് തുടക്കം കുറിച്ചു. 18.11.2015ൽ തെക്കെ ബ്രഹ്മസ്വം മഠം മൂപ്പിൽ സ്വാമിയാർ ബ്രഹ്മാനന്ദഭൂതി





വാസുദേവാനന്ദ സ്വാമിയാർ ശിലാസ്ഥാപനം നിർവ്വഹിച്ചു. മേൽക്കൂര തേക്കിൻ മരത്തിൽ തീർക്കുവാൻ വനം വകുപ്പിൽനിന്നും തേക്കുമരം വാങ്ങിച്ചു പണികൾ ആരംഭിച്ചു. ദൈനംദിന പ്രവർത്തനങ്ങൾ നോക്കുന്നതിന് ഇ. ജയരാമനെയും സാങ്കേതിക മേൽനോട്ടത്തിന് സി. നാരായണൻകുട്ടിയേയും ചുമതലപ്പെടുത്തി.

നല്ലവരായ നാട്ടുകാരുടെയും ഭക്തജനങ്ങളുടെയും നിസ്വാർത്ഥമായ സഹായത്താൽ ശ്രീകോവിലിന്റെ പണികൾ പൂർത്തിയായി. നമസ്കാര മണ്ഡപത്തിന്റെയും മേൽക്കൂര പണിതീർത്ത് ചെമ്പോല മേഞ്ഞു തറ ഭാഗം ചെത്തിത്തേച്ചു അലംകൃതമാക്കി. ശ്രീകോവിലിന്റെ മുൻഭാഗം പിച്ചളത്തകിടിനാൽ അലംകൃതമാക്കുന്ന പണികൾ തുടരുന്നു.

ഒരു ശതാബ്ദത്തിന് മുൻപാണ് ഈ ക്ഷേത്രത്തിൽ നവീകരണകലശം നടത്തിയിട്ടുള്ളത്. ഒരു വ്യാഴവട്ടത്തിലെങ്കിലും നടത്തേണ്ട കലശകർമ്മങ്ങൾ നടക്കാതിരുന്നിട്ടും ഇവിടത്തെ ഭഗവത് അനുഗ്രഹത്തിന് യാതൊരു കുറവും ഭക്തർക്കനുഭവപ്പെട്ടിട്ടില്ല എന്നുള്ളത് മഹാത്ഭുതമാണ് എന്ന് വിശ്വസിക്കാതിരിക്കുവാൻ നിർവ്വാഹമില്ല.

പുനഃപ്രതിഷ്ഠയും നവീകരണ കലശവും നടത്തുന്നതിനുള്ള ശുഭമുഹൂർത്തം ലഭിച്ചിട്ടുള്ളത് 1192 മിഥുനമാസം 14 മുതൽ 24 കൂടിയുള്ള ദിവസങ്ങളിലാണ്. ഈ മംഗളകർമ്മം തൃപ്രയാർ ക്ഷേത്രംതന്ത്രി തരണനെല്ലൂർ പടിഞ്ഞാറേമന പത്മനാഭൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ക്ഷേത്രം തന്ത്രി നകരമണ്ണ് ത്രിവിക്രമൻ നമ്പൂതിരിപ്പാടാണ് നിർവ്വഹിക്കുന്നത്. പുനഃപ്രതിഷ്ഠ മിഥുനമാസം 21ന് ബുധനാഴ്ച അനിഴം നക്ഷത്രത്തിൽ കർക്കിടക രാശിയിലാണ്.

ദേവചൈതന്യം വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ഒരു ദീപത്തിന്റെ പ്രഭനിലനിർത്തുന്നതിനാവശ്യമായ പരിചരണം പോലെ ഒരു വ്യാഴവട്ടത്തിലെങ്കിലും ക്ഷേത്രത്തിൽ നവീകരണ കലശം നടത്തണമെന്നാണ് ആചാരം.

ഒരുമനുഷ്യായുസ്സിൽ ലഭിക്കാവുന്ന ദുർലഭസൗഭാഗ്യങ്ങളിൽ ഒന്നാണ് ഒരു ദേശത്തിന്റെ ക്ഷേത്രനവീകരണത്തിൽ പങ്കാളിയാവുകയെന്നത്. ഈ സംരംഭത്തെ മംഗളകരമാക്കുവാൻ എല്ലാ നല്ലവരായ നാട്ടുകാരുടെയും ഭക്തജനങ്ങളുടെയും സാന്നിധ്യസഹായസഹകരണം അനിവാര്യമാണ്, അത് ഉണ്ടാകണമെന്ന് ഭഗവത് നാമധേയത്തിൽ വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്, നവീകരണ സമിതിക്കുവേണ്ടി

**സെക്രട്ടറി**

**കൈമുക്ക് വൈദികൻ**
**ശ്രീധരൻ നമ്പൂതിരി**
കൈമുക്ക് മന, മറ്റത്തൂർക്കുന്ന് പി.ഒ.
തൃശ്ശൂർ – 680 684, കേരളം


## കൂടൽമാണിക്യസ്വാമിസഹായം
## വൈലൂരപ്പൻ സഹായം
### സ്കന്ദമൂർത്തയേനമഃ

വേദശാസ്ത്രങ്ങൾക്കും നാഥനായി ഇന്ദ്രാദിദേവകൾക്കും രക്ഷകനായി ദേവസേനാപതിയായി വിദ്യാധിപനായി വിവാഹ ദാമ്പത്യസന്താന സൗഭാഗ്യ ദാതാവായി വിശേഷിച്ച് വേദചക്ഷുസ്സാകുന്ന ജ്യോതിശാസ്ത്രവിഷയങ്ങൾക്ക് ഏകആശ്രയമായി, മദ്ധ്യകേരളത്തിൽ ഇരിങ്ങാലക്കുട ഗ്രാമത്തിൽ ഗ്രാമദേവതയായ ശ്രീകൂടൽമാണിക്യസ്വാമിക്കു മുമ്പിൽ കൂടൽമാണിക്യസ്വാമിയേക്കാൾ പ്രാചീനത്വം കല്പിക്കുന്നതുമായ ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നമ്മുടെയെല്ലാം ചിരകാലാഭിലാഷമായ നവീകരണകലശം നടക്കുകയാണ്. പൂർവ്വസൂരികളുടെ അനുഗ്രഹത്താൽ ഇന്നു ജീവിച്ചിരിക്കുന്നവരുടെ ജന്മസുകൃതം കൂടിയാണിത്. കേരളത്തിൽ പരശുരാമൻ പൗരോഹിത്യം ആദ്യമായി സ്വീകരിച്ച കൈമുക്കുവൈദികരുടെ അധീനത്തിലും എന്നാൽ ഇരിങ്ങാലക്കുട ഗ്രാമക്കാരുടെ ഇഷ്ടമൂർത്തിയും തദ്ദേശവാസികളുടെ സംരക്ഷകനുമാണ് ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യമൂർത്തി, മാത്രമല്ല ദശാബ്ദങ്ങളായി ഈനാട്ടിലെ ഭക്തജനങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി മുഖേനയാണ് ഓരോ കാര്യം നടക്കുന്നതും. ഭഗവാന്റെ അനുഗ്രഹംകൊണ്ട് ഭക്തജനങ്ങളുടെ അശ്രാന്തപരിശ്രമഹേതുവായി അഷ്ടമംഗല്യപ്രശ്നം, പരിഹാരം, തീർത്ഥകുളം നിർമ്മിക്കൽ ശ്രീകോവിൽ മുഴുവൻ പൊളിച്ചുപണിത് ചെമ്പോല അടിക്കലും മണ്ഡപം പണിയുകയും മറ്റു കേടുപാടുകൾ തീർക്കുകയും ചെയ്തു.

ബാഹ്യമായ ഇത്തരം നവീകരണം നടക്കുന്നതോടൊപ്പം ഇനി നമ്മൾക്ക് ദേവന്റെ





പൊയ്പ്പോയ ചൈതന്യക്ഷയങ്ങൾക്കു കാരണങ്ങളായ ദോഷങ്ങളെ നീക്കി സാന്നിദ്ധ്യപുഷ്ടപ്രദങ്ങളായ കർമ്മങ്ങളാകുന്ന "നവീകരണകലശം" എന്ന തന്ത്രശാസ്ത്രത്തിൽ വിധിച്ചിരിക്കുന്ന മഹത്തായ വിഷയത്തിലേക്ക് നീങ്ങേണ്ടിയിരിക്കുന്നു.

വേദവേദാന്തങ്ങളിൽ പ്രസിദ്ധനും ജ്യോതിഷാദിസകല ശാസ്ത്രങ്ങളുടെ ആശ്രയവും ഐതീഹ്യങ്ങളാൽ കേൾവിപറ്റതും പുരാണങ്ങളിൽ കീർത്തിപ്പെടുന്നതും ഇന്ദ്രാദി ദേവൻമാരുടെ സേനാധിപതിയും മന്വാദിമാനവരുടെ ഇഷ്ടമൂർത്തിയും ഭഗവാദി ഋഷിമാർ സ്തുതിക്കപ്പെടുന്നതും മറ്റ് സകലരാലും സേവിക്കപ്പെടുന്നതും വിദ്യാധിപതിയും വിവാഹാദിസകലരാലും സേവിക്കപ്പെടുന്നതും വിദ്യാധിപതിയും വിവാഹാദിസകലവിധ ഐശ്വര്യങ്ങളുടെയും ദാതാവായും ഗണേശസോദരനും ശിവപുത്രനുമായി മദ്ധ്യകേരളത്തിൽ ഇരിങ്ങാലക്കുട ഗ്രാമത്തിൽ സർവ്വാതീതപ്രഭാവനും സംഗമേശ്വര ഗ്രാമദേവതയുമായി ശ്രീ കൂടൽമാണിക്യസ്വാമിയുടെ മുമ്പിൽ വലത്തുപുറമെയായി  കിഴക്കുദർശനമായി നിലകൊള്ളുന്നതും സാക്ഷാൽ കൂടൽമാണിക്യത്തിനേക്കാൾ പ്രാചീനത്വം കല്പിക്കപ്പെട്ടിട്ടുള്ളതും പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത് എന്ന് കരുതുന്നതും ഭാർഗ്ഗവഗോത്രക്കാരാൽ ആരാധിക്കപ്പെട്ടിരുന്നതുമായ എന്നാൽ കേരളത്തിലെ പ്രഥമ പൗരോഹിത്യസ്ഥാനം പരശുരാമനിൽനിന്ന് നേരിട്ട് സ്വീകരിച്ച കൈമുക്ക് വൈദികരുടെ അധീനത്തിലും എന്നാൽ ഇരിങ്ങാലക്കുട ശ്രീകൂടൽമാണിക്യസ്വാമിയോട് ബന്ധപ്പെട്ട സകലരുടെയും ആരാധ്യമൂർത്തിയും ഷൺമുഖനുമായ ശ്രീ ചെറുതൃക്കോവിൽ സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ നമ്മുടെയെല്ലാം ചിരകാല അഭിലാഷമായ നവീകരണകലശം നടക്കുകയാണ്. പൂർവ്വസൂരികളുടെ അനുഗ്രഹത്താൽ ഇന്ന് ജീവിച്ചിരിക്കുന്നവരുടെ ജന്മസുകൃതവുമാണിത്. ദശാബ്ദങ്ങളായി ഈ നാടിന്റെ ഭക്തജനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി മുഖേനയാണ് ഓരോ കാര്യങ്ങൾ മുടക്കം കൂടാതെ നടത്തിപ്പോരുന്നത്. സ്വാമിയുടെ അനുഗ്രഹം എല്ലാ ഭക്തജനങ്ങൾക്കും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.





# നവീകരണസമിതി

**രക്ഷാധികാരികൾ**

ബ്രഹ്മശ്രീ കൈമുക്ക് വൈദികർ
ജാതദേവൻ നമ്പൂതിരി
രാമൻ അക്കിത്തിരിപ്പാട്
കൃഷ്ണൻ നമ്പൂതിരി
ശങ്കരൻ നമ്പൂതിരി
നാരായണൻ നമ്പൂതിരി
പാമ്പ്മേക്കാട് ശ്രീധരൻ നമ്പൂതിരി
(കാരണവർ)
പാമ്പ്മേക്കാട് ജാതവേദൻ നമ്പൂതിരി
പത്മനാഭശർമ്മ കല്ലേറ്റുംകര
കാവനാട് രവി നമ്പൂതിരി
നകരമണ്ണ് രവി നമ്പൂതിരി
നകരമണ്ണ് ത്രിവിക്രമൻ നമ്പൂതിരി
(ക്ഷേത്രം തന്ത്രി)
അണിമംഗലം നാരായണൻ നമ്പൂതിരി
അണിമംഗലം പുരുഷോത്തമൻ നമ്പൂതിരി
(മേൽശാന്തി)
പ്രൊഫ: ടി.എൻ. രവിനാഥൻ
ഏങ്ങൂർ രാജൻ
എൻ.എം. ശ്രീധരൻ നടുവളപ്പിൽ

പ്രസിഡണ്ട്
**ശ്രീ. ടി. വേണുഗോപാലമേനോൻ തോട്ടാപ്പിള്ളി**

വൈസ് പ്രസിഡണ്ട്

**അഡ്വ. കെ.ആർ. അച്ചുതൻ,** ഫോൺ : 9567393001
**ഇ. രവി Lt. Col. (Retd.)**, ഫോൺ : 9447524551

സെക്രട്ടറി
**ടി.കെ. ബാലൻ**

ജോ. സെക്രട്ടറി
**ഒ. കൊച്ചുഗോവിന്ദൻ മാസ്റ്റർ & ജയശങ്കർ ചക്കഞ്ചാത്ത്**

ട്രഷറർ
**പുത്തില്ലത്ത് നീലകണ്ഠൻ നമ്പൂതിരി** ഫോൺ : 9447902653

**അഡ്വ. പി. മധുസൂദനമേനോൻ** (ക്ഷേത്രക്ഷേമസമിതി പ്രസിഡണ്ട്)

**കെ.വി. ചന്ദ്രൻ** (കൺവീനർ, മതപരമായ ചടങ്ങുകൾ)

**അഡ്വ.സി.ആർ.സി. മേനോൻ** (കൺവീനർ പബ്ലിസിറ്റി)

**ടി. ഗോപിനാഥ്** (പബ്ലിസിറ്റി)
**വി.പി. അജിത്ത് കുമാർ** (കൺവീനർ, ഫൈനാൻസ്)
**പി.എസ്. ജയശങ്കർ** & **സതീഷ് പള്ളിച്ചാടത്ത്** (ജോ. കൺവീനർ, ഫൈനാൻസ്)
**സി.നാരായണൻകുട്ടി & ഇ.ജയരാമൻ** കോ-ഓർഡിനേറ്റേഴ്സ്





ശിലാസ്ഥാപനകർമ്മം തൃശ്ശൂർ ബ്രഹ്മസ്വം തെക്കെമഠം മൂപ്പിൽ സ്വാമിയാർ വാസുദേവനന്ദ ബ്രഹ്മാനന്ദഭൂതി നിർവ്വഹിക്കുന്നു.



നമസ്ക്കാരമണ്ഡപത്തിന്റെ ഉത്തരം സമർപ്പണം

# പുനഃപ്രതിഷ്ഠയും നവീകരണ കലശവും

# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം

## ഇരിങ്ങാലക്കുട

**ഒന്നാം ദിവസം**

**2017 ജൂൺ 28 ബുധൻ**

**(1192 മിഥുനം 14)**

രാവിലെ 9 മണിക്ക് കലവറ നിറയ്ക്കൽ :
നവീകരണകലശത്തിന് ആവശ്യമായ സാധനങ്ങൾ
ഭക്തജനങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്.

ആചാര്യന്മാർക്ക് സ്വീകരണം

ദീപാരാധനക്കുശേഷം

ആചാര്യവരണം

മുളയിടൽ

പ്രാസാദശുദ്ധി

രാക്ഷോഘ്നഹോമം

വാസ്തുഹോമം


വാസ്തു കലശപൂജ

വാസ്തുബലി

വാസ്തുകലശാഭിഷേകം

വാസ്തുപുണ്യാഹം

അത്താഴപൂജ



കലാപരിപാടികളുടെ
ഉദ്ഘാടനം
പി.ജയചന്ദ്രൻ
(പ്രശസ്ത പിന്നണി ഗായകൻ)


വൈകീട്ട് 8.00
മുതൽ 8.30 വരെ



സംഗീത കച്ചേരി:
രമ്യ ആർ.മേനോൻ
(മിടുക്കി ഫെയിം)



## പുനഃപ്രതിഷ്ഠയും നവീകരണ കലശവും



2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ
2017 ജൂലായ് 8 കൂടി (1192 മിഥുനം 24)
2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച
അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ

# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം
## ഇരിങ്ങാലക്കുട

**രണ്ടാം ദിവസം**

**2017 ജൂൺ 29 വ്യാഴം**
**(1192 മിഥുനം 15)**

രാവിലെ : ചതൃശുദ്ധി
ധാര
പഞ്ചഗവ്യം
പഞ്ചകം എന്നീ കലശപൂജകളും
കലശാഭിഷേകപൂജകളും
മുളപൂജ
മഹാകുംഭകലശപൂജ
മഹാകുംഭകലശാഭിഷേകം

വൈകീട്ട് : സ്ഥലശുദ്ധി
മുളപൂജ
അത്താഴപൂജ

വൈകീട്ട് 7.30 മുതൽ 8.00 വരെ
വീണകച്ചേരി



ശ്രീവിദ്യ വർമ്മ

വൈകീട്ട് 8.00 മുതൽ 8.30 വരെ
മോഹിനിയാട്ടം:



ഹൃദ്യ ഹരിദാസ് & ചൈതന്യ
(നടന കൈശികി, ഇരിങ്ങാലക്കുട)



**പുനഃപ്രതിഷ്ഠയും നവീകരണ കലശവും**

2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ
2017 ജൂലായ് 8 കൂടി (1192 മിഥുനം 24)
2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച
അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ

# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം

## ഇരിങ്ങാലക്കുട

**മൂന്നാം ദിവസം**

**2017 ജൂൺ 30 വെള്ളി**

**(1192 മിഥുനം 16)**

രാവിലെ : സ്കാന്ദപ്രോക്തഹോമം

സവന പ്രായശ്ചിത്തഹോമങ്ങളും

ഹോമകലശാഭിഷേകപൂജകളും

മുളപൂജ

ഉച്ചപൂജ

വൈകീട്ട്

സ്ഥലശുദ്ധി

മുളപൂജ

അത്താഴപൂജ

വൈകീട്ട് 7.30 മുതൽ 8.00 വരെ

സോപാന സംഗീതം:



രാജീവ് വാരിയർ

വൈകീട്ട് 8.00 മുതൽ 9.00 വരെ

**തിരുവാതിരകളി**

ഇരിങ്ങാലക്കുട

സംഗമഗ്രാമ

തിരുവാതിരക്കളരി

അണിമംഗലം സാവിത്രി

അന്തർജനം & പാർട്ടി





## പുനഃപ്രതിഷ്ഠയും നവീകരണ കലശവും

2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ

2017 ജൂലായ് 8 കൂടി (1192 മിഥുനം 24)

2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച

അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ

# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം

## ഇരിങ്ങാലക്കുട

**നാലാം ദിവസം**

**2017 ജൂലായ് 1 ശനി**

**(1192 മിഥുനം 17)**

രാവിലെ : സ്വശാന്തിഹോമം

ചോരശാന്തിഹോമം

നായശാന്തിഹോമം

അത്ഭുതശാന്തിഹോമം

ഹോമകലശാഭിഷേക പൂജകളും

മുളപൂജ

ഉച്ചപൂജ

വൈകീട്ട് : സ്ഥലശുദ്ധി ചതുർസ്നാനത്തിന് ഉള്ള മുളയിടൽ

മുളപൂജ

അത്താഴപൂജ

വൈകീട്ട് 7.30 മുതൽ 8.00 വരെ

**സംഗീതകച്ചേരി**



**ശ്രുതി ശ്രീറാം**



**പുനഃപ്രതിഷ്ഠയും നവീകരണ കലശവും**



2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ

2017 ജൂലായ് 8 കൂടി (1192 മിഥുനം 24)

2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച

അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ

# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം
## ഇരിങ്ങാലക്കുട

**അഞ്ചാം ദിവസം**

**2017 ജൂലായ് 02 ഞായർ**
**(1192 മിഥുനം 18)**

രാവിലെ
മണ്ഡപസംസ്കാരം, തത്വഹോമം
തത്വകലശപൂജ
വലിയപാണി, തത്വകലശാഭിഷേകം
മുളപൂജ
ഉച്ചപൂജ
വൈകീട്ട് :
ബ്രഹ്മകലശപൂജ
കുംഭേശ കർക്കരി പൂജകൾ,
പരികലശപൂജകൾ
അധിവാസഹോമം
കലശാധിവാസം
മുളപൂജ
അത്താഴപൂജ



**പുനഃപ്രതിഷ്ഠയും നവീകരണ കലശവും**



2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ
2017 ജൂലായ് 8 കൂടി (1192 മിഥുനം 24)
2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച
അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ

# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം

## ഇരിങ്ങാലക്കുട

**ആറാം ദിവസം**

**2017 ജൂലായ് 03 തിങ്കൾ**

**(1192 മിഥുനം 19)**

രാവിലെ : മുളപൂജ

വലിയപാണി

കുംഭേശകലശാഭിഷേകം,

ബ്രഹ്മകലശാഭിഷേകം,

പരികലശാഭിഷേകം,

അവസ്രുതപ്രോഷനം

ശ്രീഭൂതബലി

വൈകീട്ട്

ബിംബശുദ്ധികലശപൂജ

മുളപൂജ അത്താഴപൂജ

വൈകീട്ട് 7.30 മുതൽ 9.30 വരെ

| | |
|---|---|
| കഥകളി | : അംഗദവിജയം |
| അവതരണം | : ഇരിങ്ങാലക്കുട കളിയരങ്ങ് |
| കഥാസാരംകഥകളി | : അംഗദവിജയം |
| അവതരണം | : ഇരിങ്ങാലക്കുട കളിയരങ്ങ് |

കഥാസാരം

ശ്രീരാമനും ലക്ഷ്മണനും ലങ്കയിൽ പ്രവേശിച്ചതിനുശേഷം രാവണനുമായി നടത്തേണ്ടയുദ്ധത്തേക്കുറിച്ചാലോചിക്കുന്നു. യുദ്ധം തുടങ്ങുന്നതിനു മുൻപായി അംഗദനെ **സമാധനദൂതിന്** നിയോഗിക്കുന്നു. അംഗദൻ രാവണന്റെ സഭയിൽവന്ന് 'ഒന്നുകിൽ സീതയെ രാമങ്കൽ സമർപ്പിക്കുക അല്ലെങ്കിൽ യുദ്ധത്തിനു സന്നദ്ധനാക്കുക' എന്ന സന്ദേശം അറിയിക്കുന്നു. രാവണനെ ഗൗനിക്കാതെ രാമനുവേണ്ടി വാദിക്കുന്ന അംഗദനെ രാവണനും മറ്റും പിടിക്കുവാൻ ശ്രമിച്ചെങ്കിലും ശ്രമം വിജയിച്ചില്ല. ദൗത്യം പരാജയപ്പെട്ടതിനുശേഷം അംഗദൻ ശ്രീരാമലക്ഷ്മണന്മാരുടെ സമീപം വന്നു കാര്യമറിയിക്കുന്നു. യുദ്ധം അനിവാര്യമായപ്പോൾ ശ്രീരാമൻ അതിനു തയ്യാറാകുന്നു. ലക്ഷ്മണൻ വാനരസൈന്യത്തിനു കല്പനകൊടുക്കുവാൻ തുടങ്ങുമ്പോൾ അംഗദൻ ലക്ഷ്മണനോട് ഒരു അഭ്യർത്ഥന വെയ്ക്കുന്നു. 'എനിക്ക് മേഘനാദനുമായി യുദ്ധം ചെയ്ത് അവൻ മുത്തച്ഛനോട് ചെയ്ത നിന്ദക്ക് പകരം വീട്ടുവാൻ അവസരം നല്കണം' ലക്ഷ്മണൻ അനുവദിച്ചു. അംഗദൻ മേഘനാദനോട് ഏറ്റു മുട്ടിയപ്പോൾ ആ രാക്ഷസൻ അംഗദന്റെ കരബലം താങ്ങാൻ കഴിയാതെ ബന്ധനസ്ഥനാകുന്നു. തുടർന്ന് മേഘനാദൻ മായായുദ്ധം തുടങ്ങാൻ അപ്രത്യക്ഷനാകുന്നു.

ശ്രീരാമനും ലക്ഷ്മണനും ലങ്കയിൽ പ്രവേശിച്ചതിനുശേഷം രാവണനുമായി നടത്തേണ്ടയുദ്ധത്തേക്കുറിച്ചാലോചിക്കുന്നു. യുദ്ധം തുടങ്ങുന്നതിനു മുൻപായി അംഗദനെ **സമാധനദൂതിന്** നിയോഗിക്കുന്നു. അംഗദൻ രാവണന്റെ സഭയിൽവന്ന് 'ഒന്നുകിൽ സീതയെ രാമങ്കൽ സമർപ്പിക്കുക അല്ലെങ്കിൽ യുദ്ധത്തിനു സന്നദ്ധനാക്കുക' എന്ന സന്ദേശം അറിയിക്കുന്നു. രാവണനെ ഗൗനിക്കാതെ രാമനുവേണ്ടി വാദിക്കുന്ന അംഗദനെ രാവണനും മറ്റും പിടിക്കുവാൻ ശ്രമിച്ചെങ്കിലും ശ്രമം വിജയിച്ചില്ല. ദൗത്യം പരാജയപ്പെട്ടതിനുശേഷം അംഗദൻ ശ്രീരാമലക്ഷ്മണന്മാരുടെ സമീപം വന്നു കാര്യമറിയിക്കുന്നു. യുദ്ധം അനിവാര്യമായപ്പോൾ ശ്രീരാമൻ അതിനു തയ്യാറാകുന്നു. ലക്ഷ്മണൻ വാനരസൈന്യത്തിനു കല്പനകൊടുക്കുവാൻ തുടങ്ങുമ്പോൾ അംഗദൻ ലക്ഷ്മണനോട് ഒരു അഭ്യർത്ഥന വെയ്ക്കുന്നു. 'എനിക്ക് മേഘനാദനുമായി യുദ്ധം ചെയ്ത് അവൻ മുത്തച്ഛനോട് ചെയ്ത നിന്ദക്ക് പകരം വീട്ടുവാൻ അവസരം നല്കണം' ലക്ഷ്മണൻ അനുവദിച്ചു. അംഗദൻ മേഘനാദനോട് ഏറ്റു മുട്ടിയപ്പോൾ ആ രാക്ഷസൻ അംഗദന്റെ കരബലം താങ്ങാൻ കഴിയാതെ ബന്ധനസ്ഥനാകുന്നു. തുടർന്ന് മേഘനാദൻ മായായുദ്ധം തുടങ്ങാൻ അപ്രത്യക്ഷനാകുന്നു.



**പുനഃപ്രതിഷ്ഠയും നവീകരണ കലശവും**



2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ

2017 ജൂലായ് 8 കൂടി (1192 മിഥുനം 24)

2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച

അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ

# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം

## ഇരിങ്ങാലക്കുട

**ഏഴാം ദിവസം**

**2017 ജൂലായ് 04 ചൊവ്വ**

**(1192 മിഥുനം 20)**

രാവിലെ

മണ്ഡപസംസ്കാരം

ശയ്യാപൂജ

നിദ്രാകലശപൂജ

കുംഭേശകർക്കരി പൂജകൾ

കൗമാര കലശപൂജ

അക്ഷത ഹോമം

സംഹാരതത്വ ഹോമം

സംഹാരതത്വ കലശാഭിഷേകം

ജീവകലശപൂജ

ജീവോദ്വാസനം

ജീവകലശം

ശയ്യയിൽ എഴുന്നള്ളിക്കൽ

മുളപൂജ

വൈകീട്ട്

ശുദ്ധിക്രിയകൾ

ബിംബശുദ്ധി കലശാഭിഷേകം

ധ്യാനാധിവാസം

പീഠാധിവാസം

ശിരസ്തത്വഹോമം

അധിവാസഹോമം,

കാൽകഴിച്ചൂട്ട് കലശാധിവാസം

ശേഷം : അഖണ്ഡനാമജപം



**പുനഃപ്രതിഷ്ഠയും നവീകരണ കലശവും**

2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ

2017 ജൂലായ് 8 കൂടി (1192 മിഥുനം 24)

2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച

അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ



# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം

## ഇരിങ്ങാലക്കുട

**എട്ടാം ദിവസം**

**2017 ജൂലായ് 05 ബുധൻ**
**(1192 മിഥുനം 21)**

രാവിലെ : ജീവകലശത്തിൽ രക്ഷവിടർത്തിപൂജ
വിദ്വേശ്വരകലശപ്രോഷണം
വലിയപാണി, ജീവകലശം
ശ്രീകോവിലിലേക്ക് എഴുന്നള്ളിക്കൽ
അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശിയിൽ
ശുഭമുഹൂർത്തത്തിൽ ദേവപ്രതിഷ്ഠ
അഷ്ടബന്ധസ്ഥാപനം
കുംഭേശകലശാഭിഷേകം
നിദ്രാകലശാഭിഷേകം
ജീവകലശാഭിഷേകം
പ്രാർത്ഥനകൾ
പ്രതിഷ്ഠാബലി
മുളപൂജ
പ്രതിഷ്ഠാദക്ഷിണ
വൈകീട്ട് : നിയമം നിശ്ചയിച്ച് നടയടയ്ക്കൽ
മണ്ഡപത്തിൽപൂജ
മുളപൂജ
അത്താഴപൂജ

വൈകീട്ട് 7.00 മുതൽ 8.00 വരെ ശിവരഞ്ജിനി
ഇരിങ്ങാലക്കുടയുടെ നേതൃത്വത്തിൽ
**ഭക്തിഗാനസുധ**
അവതരണം : ശ്രീമതി കെ.കെ. ഭാഗ്യലതടീച്ചർ & പാർട്ടി



**പുനഃപ്രതിഷ്ഠയും നവീകരണ കലശവും**



2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ
2017 ജൂലായ് 8 കൂടി (1192 മിഥുനം 24)
2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച
അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ

# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം
## ഇരിങ്ങാലക്കുട

**ഒമ്പതാം ദിവസം**

**2017 ജൂലായ് 06 വ്യാഴം**
**(1192 മിഥുനം 22)**

രാവിലെ

പരിവാര പ്രതിഷ്ഠകൾ

മാതൃക്കൽ പ്രതിഷ്ഠ

വലിയബലിക്കൽ പ്രതിഷ്ഠ

മുളപൂജ

ഉച്ചപൂജ

വൈകീട്ട്

മണ്ഡപത്തിൽ പൂജ

മുളപൂജ

സ്ഥലശുദ്ധി

**വൈകീട്ട് 7.30 മുതൽ 8.00 വരെ**


**മോഹിനിയാട്ടം**



സാന്ദ്ര പിഷാരടി & പാർവ്വതി ശ്രീവല്ലഭൻ
(നടന കൈശികി, ഇരിങ്ങാലക്കുട)



**പുനഃപ്രതിഷ്ഠയും നവീകരണ കലശവും**



2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ
2017 ജൂലായ് 8 കൂടി (1192 മിഥുനം 24)
2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച
അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ

# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം
## ഇരിങ്ങാലക്കുട

**പത്താം ദിവസം**

**2017 ജൂലായ് 07 വെള്ളി**
**(1192 മിഥുനം 23)**

രാവിലെ : മണ്ഡപ സംസ്കാരം
മണ്ഡപത്തിൽ പൂജ
പ്രോക്തഹോമം
സവനപ്രായശ്ചിത്തഹോമം
സ്വശാന്തിഹോമം
മുളപൂജ
ഉച്ചപൂജ
വൈകീട്ട് : പരികലശപൂജ
കുംഭേശകർക്കരി പൂജകൾ
ബ്രഹ്മകലശപൂജ
അധിവാസഹോമം
കലശാധിഹോമം
അത്താഴപൂജ



**പുനഃപ്രതിഷ്ഠയും നവീകരണ കലശവും**

2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ
2017 ജൂലായ് 8 കൂടി (1192 മിഥുനം 24)
2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച
അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ



# ചെറുതൃക്കോവിൽ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം

## ഇരിങ്ങാലക്കുട

**പതി നൊന്നാം ദിവസം**

**2017 ജൂലായ് 08 ശനി**

**(1192 മിഥുനം 24)**

രാവിലെ

തത്വഹോമം

തത്വകലശപൂജ

വലിയപാണി

തത്വകലശാഭിഷേകം

പരികലശാഭിഷേകം

വലിയപാണി

കുംഭേശകലശാഭിഷേകം

ഉച്ചപൂജ

അവസ്രുതപ്രോഷണം

ശ്രീഭൂതബലി

ദക്ഷിണകൾ

വൈകീട്ട് 7.00 മുതൽ 8.30 വരെ

### ഇടയ്ക്കവിസ്മയം

**പെരിങ്ങോട്ട് സുബ്രഹ്മണ്യൻ & പാർട്ടി**





## പുനഃപ്രതിഷ്ഠയും നവീകരണ കലശവും



2017 ജൂൺ 28 (1192 മിഥുനം 14) -ാം തിയ്യതി മുതൽ

2017 ജൂലായ് 8 കൂടി (1192 മിഥുനം 24)

2017 ജൂലായ് 5 (1192 മിഥുനം 21) ബുധനാഴ്ച

അനിഴം നക്ഷത്രത്തിൽ കർക്കിടകം രാശി പ്രതിഷ്ഠ

## താഴെപറയുന്ന നവീകരണകലശം പ്രത്യേക വഴിവാടുകൾ സ്പോൺസർ ചെയ്യാവുന്നതാണ്.

| | | |
|---|---|---|
| **ഒരു ദിവസത്തെ കലശം** | – | **1,00,000** |
| **അകത്തെ മണ്ഡപതത്വഹോമം, കലശം** | – | **20,001** |
| **ദേവപ്രതിഷ്ഠ വിദ്യാകലശാഭിഷേകം 8** | – | **20,001** |
| **മണ്ഡപസംസ്കാരം, തത്വകലശം, തത്വകലശഹോമം** | – | **15,001** |
| **ബ്രഹ്മകലശപൂജ** | – | **10,001** |
| **ആചാര്യവരണം** | – | **10,001** |
| **ജീവകലശപൂജ** | – | **10,001** |
| **സ്ഥിരതത്വ ഹോമം, അധിവാസഹോമം** | – | **10,001** |
| **പ്രോക്തപ്രായശ്ചിത്ത ശാന്തിഹോമം** | – | **10,001** |
| **അഷ്ഠബന്ധം** | – | **10, 001** |
| **പ്രായശ്ചിത്തം പ്രോക്തഹോമം** | – | **5,001** |
| **സർവ്വപ്രായശ്ചിതം ഹോമം** | – | **5,001** |
| **ചതുഃശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം** | – | **5,001** |
| **കുംഭേശകലശപൂജ** | – | **5,001** |
| **അധിവാസഹോമം 1 എണ്ണം** | – | **5,001** |
| **പുറത്തെ മണ്ഡപ സംസ്കാരം** | – | **5,001** |
| **പരികലശ പൂജ ഘണ്ഡം 1 (24 ഘണ്ഡം)** | – | **5,001** |
| **ശയ്യാപൂജ** | – | **5,001** |
| **ബിംബശുദ്ധികലശപൂജ** | – | **5,001** |
| **അഭിഷേകം** | – | **5,001** |
| **ജീവകലാശാഭിഷേകം** | – | **5,001** |
| **പരിഹാരപ്രതിഷ്ഠകൾ** | – | **5,001** |
| **മുളയിടൽ** | – | **3,001** |
| **പ്രാസാദശുദ്ധി** | – | **3,001** |
| **പുറത്തെ മണ്ഡപ സംസ്കാരപൂജ** | – | **3,001** |
| **പ്രതിഷ്ഠാബലി** | – | **3,001** |
| **സ്വശാന്തി ഹോമം** | – | **3,001** |
| **ചോരശാന്തി ഹോമം** | – | **3,001** |
| **നായശാന്തി ഹോമം** | – | **3,001** |
| **അത്ഭുതശാന്തി ഹോമം** | – | **3,001** |
| **നിദ്രാകലശപൂജ** | – | **3,001** |
| **വിദ്യോഗകലപൂജ** | – | **3,001** |
| **സ്വശാന്തി ഹോമങ്ങൾ** | – | **3,001** |



# ചെറുതൃക്കോവിൽ
# ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം
ഇരിങ്ങാലക്കുട

| | | |
|---|---|---|
| പരികലശപൂജ ഘണ്ഡം ഒന്ന് (24 ഘണ്ഡം) | – | 2,501 |
| കാലുകഴുകിച്ചൂട്ട് | – | 2,501 |
| മഹാകുംഭം | – | 2,501 |
| മണ്ഡപത്തിൽപൂജ (6) | – | 2,501 |
| രക്ഷോഘ്നഹോമം | – | 2,001 |
| വാസ്തുഹോമം | – | 2,001 |
| വാസ്തുബലി | – | 2,001 |
| അവസൂക്തപ്രോഷണം | – | 2,001 |
| വാസ്തുകലശപൂജ | – | 1,001 |
| കുംഭേശകർക്കരി അഭിഷേകം 20 | – | 1,001 |
| നിദ്രകലാശാഭിഷേകം | – | 1,001 |
| അസ്ത്രകലശം | – | 501 |

വഴിപാട് നടത്തുവാൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങൾ
മുൻകൂർ ബുക്ക് ചെയ്യേണ്ടതാണ്.

എല്ലാ ഭക്തജനങ്ങളുടേയും നാട്ടുകാരുടേയും
സഹായ സാന്നിദ്ധ്യ സഹകരണങ്ങൾ ഭഗവത് നാമത്തിൽ
വിനീതമായി അഭ്യർത്ഥിക്കുന്നു.


ആശംസകളോടെ....

**ജയവിജയ കുറീസ് &**
**ട്രെയ്ഡ്സ് പ്രൈ.ലിമിറ്റഡ്**

നട, ഇരിങ്ങാലക്കുട, ഫോൺ : 0480 2820525

**ജെ.വി. ക്ലിനിക്കൽ ലബോറട്ടറി**

നട, ഇരിങ്ങാലക്കുട, ഫോൺ : 0480 2833809

**എ. അഗ്നിശർമ്മൻ** ചെയർമാൻ | **ഇ.വി. കൃഷ്ണൻ നമ്പൂതിരി** മാനേജിങ്ങ് ഡയറക്ടർ | **യു. മുകുന്ദൻ** എക്സി. ഡയറക്ടർ

**ജീവിതം കുറീസ് പ്രൈ.ലിമിറ്റഡ്**

U65992KL2013PTCO35608

നട, ഇരിങ്ങാലക്കുട
ഫോൺ : 0480 2820525

**എ. അഗ്നിശർമ്മൻ** ചെയർമാൻ | **പി.വി. നീലകണ്ഠൻ** മാനേജിങ്ങ് ഡയറക്ടർ | **യു. മുകുന്ദൻ** എക്സി. ഡയറക്ടർ